## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ
ചോദ്യം നമ്പർ * 61

01/03/2017-ൽ മറുപടിയ്ക്ക്.

## കാലിത്തീറ്റയുടെ വിലവർദ്ധനവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ആർ രാമചന്ദ്രൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ .പി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കാലിത്തീറ്റയുടെ വിലവർദ്ധനവ് മൂലം കഷ്ടപ്പെടുന്ന ക്ഷീരകർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) കാലിത്തീറ്റയുടെ വിലവർദ്ധനവ് മൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി നൽകി വരുന്നു. കൂടാതെ, ഉരുക്കൾക്കാവശ്യമായ ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റുകൾ എന്നിവയും സംഘം മുഖേന നൽകി വരുന്നു. കാലിത്തീറ്റയെ അധികമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള സഹായവും ചെയ്തുവരുന്നു. മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിവരുന്നു. ഈ വർഷം 2.5 ലക്ഷം കന്നുകുട്ടികൾക്ക് ഇപ്രകാരം തീറ്റ നൽകുന്നുണ്ട്. ഇതിന് 50.8 കോടി രൂപാ വകയിരുത്തിയിട്ടുണ്ട്. അടുത്തവർഷം മുതൽ ഒരു ലക്ഷം പശുക്കുട്ടികളെ കൂടി സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം (എസ്.എൽ.ബി.പി)/ഗോവർദ്ധിനി പദ്ധതിയിലുൾപ്പെടുത്തി കാലിത്തീറ്റയുടെ വർദ്ധിച്ച വില മൂലം ദുരിതമനുഭവിക്കുന്ന |

കർഷകർക്ക് ആശ്വാസം നല്കും.

കാലിത്തീറ്റ ഫാക്ടറികളിലേയ്ക്കാവശ്യമായ മിക്ക അസംസ്കൃത വസ്തുക്കളും കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ വടക്കെ ഇന്ത്യ ഉൾപ്പെടെയുള്ള അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്.

അസംസ്കൃത വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിലും കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് പൊതുമേഖലയിലും സഹകരണമേഖലയിലും ഉള്ള കാലിത്തീറ്റ ഫാക്ടറികൾ ഭീമമായ നഷ്ടം സഹിച്ചു കൊണ്ടാണ് ഇപ്പോൾ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കൂടാതെ മിൽമയുടെ മേഖല യൂണിയനുകൾ അവരുടെ ലാഭ വിഹിതത്തിൽ നിന്നും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകി വരുന്നുണ്ട്.

(ബി) സ്വകാര്യ കാലിത്തീറ്റ കമ്പനികളുടെ ചൂഷണത്തിൽ നിന്ന് ക്ഷീര കർഷകരെ മോചിപ്പിക്കാൻ പൊതു മേഖലയിൽ കാലിത്തീറ്റ നിർമ്മാണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാലിത്തീറ്റക്ക് സർക്കാർ നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കാൻ തയ്യാറാകുമോ ?

(സി) കാലിത്തീറ്റയ്ക്ക് നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ